LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : പരാതി വരാതിരിക്കാൻ സാദ്ധ്യമല്ല, ഇനി കൊടുക്കുമ്പോഴും പരാതിയുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : പൊതു ആഘോഷങ്ങൾക്ക പഞ്ചസാര കോട്ട നിശ്ചയിക്കുന്നതു എന്തടിസ്ഥാനത്തിലാണു? ബഹുമാനപ്പെട്ട മന്ത്രി ഇവിടെതരുന്നകണക്കുകൾ നോക്കിയാൽ തന്നെ ഈദിനം ക്രിസ്തുമസ്സിനും കൊടുത്തതിനേക്കാൾ കുറവായിട്ടാണു ഓണത്തിനു കൊടുത്തിട്ടുള്ളതു. ഓണാഘോഷം അത്ര മോശമാണോ? ഇതേപ്പറ്റി ഒരു വിശദീകരണം നൽകുമോ ?

ശ്രീ. ഈ പി. പൗലോസ് : ഓണത്തിനാണു കൂടുതൽ പഞ്ചസാര വേണ്ടതു. അതിനുവേണ്ടി അപേക്ഷിച്ചെങ്കിലും പക്ഷേ തന്നതു ഇങ്ങനെയാണു. ആകെക്കൂടിയുള്ള എല്ലാ പൊതു ആഘോഷങ്ങൾക്കും കൂടി കിട്ടുന്ന പഞ്ചസാര വീതിച്ചു ഇത്രവീതം കൊടുക്കണമെന്നു പറയുകയാണെങ്കിൽ അങ്ങനെ ചെയ്യാം.

ശ്രീ. സി. എ. മാത്യു : നമ്മുടെ ആവശ്യത്തിനു വേണ്ടിടത്തോളം പഞ്ചസാര അലോട്ടു ചെയ്തു കിട്ടുന്നില്ല. നമുക്കു തന്നുകൊണ്ടിരുന്ന കോട്ടായിൽ തന്നെ ഇനിയും അഞ്ചു ശതമാനം കുറവു വരുത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവണ്മെന്റു അയച്ചിട്ടുള്ളതായി അറിയുന്നു. ഇവിടെ പഞ്ചസാരക്ഷാമം കൂടുതലുണ്ടെന്നുള്ളതിനെ മുൻനിറുത്തി ഈ കുറവു വരുത്തുന്നതു ഈ സംസ്ഥാനത്തെ ബാധിക്കാതിരിക്കാനുള്ള നടപടി ഗവണ്മെന്റു സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇതൊക്കെ കണക്കിലെടുത്തുകൊണ്ടു ചെയ്യാവുന്ന കാര്യങ്ങളെല്ലാം ഗവണ്മെന്റു ചെയ്യാം. പക്ഷേ പഞ്ചസാരയുടെ ആകെക്കൂടിയുള്ള ഉപയോഗം, കിട്ടാനുള്ള ബുദ്ധിമുട്ടു് ഇതൊക്കെ നോക്കുമ്പോൾ ഈ അഭിപ്രായം പറയുന്നതു അത്ര ശരിയല്ല. പിന്നെ വീണ്ടും നാം നിർബന്ധം ചെലുത്തുകയാണെങ്കിൽ അതു ബുദ്ധിമുട്ടായി വരും. അതുകൊണ്ടു് ഈ കാര്യത്തെപ്പറ്റി ഇപ്പോഴും ഒന്നും പറയുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ആഘോഷങ്ങളും ഏതൊക്കെയാണെന്നു മെച്ചമായിട്ടുള്ളതു്. ഏതൊക്കെയാണു് മോശമായിട്ടുള്ളതു് എന്നുള്ളതിനെ സംബന്ധിച്ചു സമഗ്രമായ ഒരു പഠനം നടത്താൻ ശ്രീ. എം. നാരായണക്കുറുപ്പു ചെയർമാനായുള്ള ഒരു കമ്മിറ്റിയെ നിയമിക്കുവാൻ ഗവണ്മെന്റു തയ്യാറാകുമോ ?

മി. സ്പീക്കർ : അതിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

ശ്രീ. ഈ പി. ഗോപാലൻ : ആഘോഷസമയത്തു് പഞ്ചസാര മിക്കവാറും തക്കസമയത്തു ആളുകൾക്കു ലഭിക്കുന്നില്ല. ആളുകൾ പഞ്ചസാര വാങ്ങിക്കാൻ ചെല്ലുന്ന അവസരത്തിൽ ''തക്ക സമയത്തു ചെന്നില്ല,'' കാർഡു കൊണ്ടുചെന്നാൽ ''സമയം കഴിഞ്ഞുപോയി'' എന്നു പറയുന്ന ഏർപ്പാടു് വരാതിരിക്കാൻ നേരത്തേകൂട്ടി ആളുകൾക്കു പഞ്ചസാര കിട്ടുന്നതിനുള്ള സൗകര്യം ചെയ്യാൻ ഗവണ്മെന്റു ശ്രദ്ധിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് ; വിശേഷദിവസങ്ങളിലെ സ്പെഷ്യൽ കോട്ടായെ സംബന്ധിച്ചു ഇവിടത്തെ നിവേദനം ഇൻഡ്യാഗവണ്മെന്റിനയക്കുകയും, കഴിയുന്നതും നേരത്തേ തന്നെ അവർ വേണ്ട നടപടികളും എടുക്കുകയുമാണു് ചെയ്യുന്നതു്.

വിദ്യുച്ഛക്തി വിതരണം.

* 897. [11] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇലക്ട്രിസിറ്റിബോർഡു് കോഴിക്കോടു് കാർപ്പറേഷനിലെ വിദ്യുച്ഛക്തി വിതരണം ഏറ്റെടുത്തതിനുശേഷം പുതുതായി ഏതെല്ലാം പ്രദേശങ്ങളിലേക്കു് വിദ്യുച്ഛക്തി നൽകി ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലേക്ക് വിദ്യുച്ഛക്തി ആവശ്യപ്പെട്ട കൊണ്ട് ബോർഡിനു് അപേക്ഷകം കിട്ടിയിട്ടുണ്ടു്;

(സി) ഈ സ്ഥലങ്ങളിലേക്കെല്ലാം വിദ്യുച്ഛക്തി നൽകുന്നതു് എന്തു മാനദണ്ഡം അനുസരിച്ചാണു് ;

(ഡി) കാർപ്പറേഷൻ ആവശ്യപ്പെട്ട സ്ഥലങ്ങളിലെല്ലാം തന്നെ വിദ്യുച്ഛക്തി നൽകിക്കഴിഞ്ഞുവോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കോഴിക്കോടുള്ള വിദ്യുച്ഛക്തി വിതരണം ഇലക്ട്രിസിറ്റി ബോർഡു് ഏറ്റെടുത്തതു് 1–8–63-ലാണു്. അതിനു ശേഷം പുതുതായി ഒരു പ്രദേശത്തേക്കും വിദ്യുച്ഛക്തി വ്യാപിപ്പിച്ചിട്ടില്ല.

(ബി) ഇതു സംബന്ധിച്ചു കിട്ടിയിട്ടുള്ള അപേക്ഷകളിൽ കാണിച്ചിട്ടുള്ള സ്ഥലങ്ങളുടെ ഒരു ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) അപേക്ഷകം ലഭിക്കുന്ന മുറയനുസരിച്ചു് വേണ്ട അന്വേഷണം നടത്തുന്നതും അതനുസരിച്ചു് ഏറ്റെടുക്കുവാൻ സാദ്ധ്യതയുണ്ടെന്നു തെളിയുന്ന ജോലികളും അനുവദിക്കുകയും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചു് അവ ഏറ്റെടുക്കുകയും ചെയ്യുക എന്നതാണു് നടപടി.

(ഡി) കാർപ്പറേഷൻ പ്രത്യേക സ്ഥലങ്ങളുടെ പേരു് നിർദ്ദേശിച്ചിട്ടില്ല. വൈദ്യുതീകരണം നടത്തേണ്ട സ്ഥലങ്ങളുടെ പേരുകളും കാർപ്പറേഷൻ നിർദ്ദേശിക്കുന്ന മുറക്കു് പരിഗണിക്കുന്നതാണു്.

ശ്രീ. പി. സി. രാഘവൻനായർ : കോഴിക്കോടിന്റെ പരിസരങ്ങളിൽ 28 ലൈനുകളിൽ വിദ്യുച്ഛക്തി വ്യാപിപ്പിക്കാൻ വേണ്ടിയിട്ടു് അപേക്ഷകം ലഭിച്ചിട്ടുണ്ടെന്നു കാണുന്നുണ്ടു്. എന്നാൽ ഒരൊറ്റ ലൈൻ പോലും ഇതുവരെ തുടങ്ങിയിട്ടില്ലെന്നു പറയുന്നു. പ്രാരംഭസർവ്വേ വല്ല ലൈനുകളിലും നടത്തിയിട്ടുണ്ടോ ;

ശ്രീ. ആർ. ശങ്കർ : ഈ ലൈനുകളെപ്പറ്റി ഇപ്പോഴും പ്രാരംഭ സർവ്വേ നടത്തിക്കൊണ്ടിരിക്കുകയാണു്.

പാക്കേജു് പദ്ധതി.

898. [12] ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാക്കേജു് പദ്ധതിപ്രകാരം നമ്മുടെ സ്റ്റേറ്റിൽ ഭക്ഷ്യ ഉല്പാദനം വർദ്ധന തിട്ടപ്പെടുത്തുന്ന വിവരങ്ങൾ അറിയിക്കാമോ ;

(ബി) ഭക്ഷ്യോൽപ്പാദനം എത്ര വർദ്ധിച്ചു;

(സി) പദ്ധതി എവിടെയെല്ലാം കൂടുതൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) പാലക്കാടു്, ആലപ്പുഴ ജില്ലകളിൽ ജോയിന്റു് ഡയറക്ടർമാരുടെ ആഫീസുകളിൽ സ്റ്റാറ്റിസ്റ്റിക്കു് വിഭാഗത്തിൻകീഴിൽ ''ബഞ്ചുമാർക്കു് ആൻറു് അസസ്മെൻറു് സർവ്വെ'' പരീക്ഷണങ്ങൾ നടത്തുന്നു. അതിൻപ്രകാരം ക്രോപ്പു്കട്ടിംഗു് പരീക്ഷണം നടത്തിയാണു് ഉൽപ്പാദനവർദ്ധനവു് തിട്ടപ്പെടുത്തുന്നതു്.

(ബി) 1962–63–ൽ ആലപ്പുഴ ജില്ലയിൽ 10 ശതമാനവും പാലക്കാട്ടു ജില്ലയിൽ 24 ശതമാനവും (ശരാശരി) ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടു്.

(സി) ആലപ്പുഴ ജില്ലയിലും പാലക്കാട്ടുജില്ലയിലും മാത്രമേ ഈ പദ്ധതി നടപ്പാക്കുന്നുള്ളൂ. ഈ രണ്ടു ജില്ലകളിലുള്ള എല്ലാ ബ്ലോക്കുകളിലും ഈ പദ്ധതി നടപ്പിലാക്കും.

† Appendix III.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see answer to starred question No.* 897 (11)]

List of applications for extension of electrifications

1. Extension to Chaliappuram in Makkad amsom from Kakkod Bazar.
2. Do. to Vengiri Village and Thadampathuthazham.
3. Do. from Kakkode to Nanmanda.
4. Do. Chevayur to Kunnamangalam.
5. Do. Nellikode to Chandaparamba.
6. Do. Devagiri to Thengilakadavu.
7. Do. Mankavu to Panteerankavu.
8. Do. to Karannur Panchayat.
9. Do. Chaliyam Kadalundi.
10. Do. Mavoor Village.
11. Do. Olavanna Panchayat.
12. Do. Olavanna.
13. Do. from Kakkodi to Kakkur on Balusseri Road.
14. Do. Chevayur to Chelanur on Wynad Road.
15. Do. Medical College to Mavoor on Mavoor Road.
16. Do. Vengiri to Puthiyangadi on Kakkode Puthiyangadi Road.
17. Do. Thadampattuthazham to Parambilkadavu on Vengeri Road.
18. Do. Aredathupalam to Pottammel on Palazhi Road.
19. Do. Karaparamba to Malikadavu on Krishnan Nair Road
20. Do. Iringallur to Pantheerankavu on Mankavu Kanniparamba Road.
21. Do. Poolakadavu to Kunnattupalam on Nallalam Olavanna Road.
22. Do. Beypore to Chaliyam on Beypore Kadalunni Road
23. Do. Kakkodi to Kuruvathur on Kakkodi Kunnumangalam Road.
24. Do. Chelannur to Narikuni on Kumaraswamy Raja Road.
25. Do. Kakkode to Chilappuram and Cherukulam on Makkada Road.
26. Do. Puthiyangadi to Annisseri on Puthiyangadi-Ulliery Road.
27. Do. of electric lines to Mannur-Kodinji, etc.
28. Do. Pudiyappa in Pudiyangadi.

LIBRARY ARCHIVES Kerala Legislative Assembly